സ്റ്റേ ഏതു തരത്തിലായാലും വ്യത്യാസമില്ല

സുപ്രീം കോടതി

ന്യൂഡൽഹി, ജൂൺ 24

ജൂൺ 12-ാംനു അലഹബാദ് ഹൈക്കോടതിയിലെ ജസ്റ്റിസ് സിഹ്ന പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കുന്നതിന്നെതിരെ വമേവും യാതൊരു ഉപാധികളും കൂടാതേയുള്ള ''സ്റ്റേ'' അനുവദിക്കാനാണ് ശ്രീമതി ഇന്ദിരാഗാന്ധി സുപ്രീംകോടതിയിൽ അപേക്ഷിച്ചിരുന്നതു്. ഇതിന്മേൽ തിങ്കളാഴ്ച വാദം കേട്ടശേഷം വൈക്കോൻ ജഡ്ജി ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ ചൊവ്വാഴ്ച ഉച്ചതിരിഞ്ഞു് മൂന്നേമുക്കാൽ മണിക്ക് വിധി പറഞ്ഞു. ഈ വിധിക്ക് തിങ്കളാഴ്ച മുതൽ പൂർവ്വകാലപ്രാബല്യമുണ്ടായിരിക്കും.

ശ്രീമതി ഗാന്ധിക്ക് ലോകസഭാ അംഗങ്ങളുടെ രജിസ്റ്ററിൽ പ്പെ വെക്കാമെങ്കിലും അംഗമെന്ന നിലക്ക് പ്രതിഫലം കിട്ടുകയില്ല. പക്ഷേ പ്രധാനമന്ത്രി എന്ന നിലക്ക് വേതനം സ്വീകരിക്കാവുന്നതുമാണ്.

ബുധനാഴ്ച വിചാരണ നടക്കുന്ന സമയത്തുണ്ടായിരുന്നതു ആളുകൾ ഉണ്ടായിരുന്നില്ലെങ്കിലും ചൊവ്വാഴ്ച വിധി പ്രസ്താവിക്കുമ്പോഴും കോടതിക്ക് പുറത്തു വലിയ ഒരു ജനക്കൂട്ടം ഉണ്ടായിരുന്നു. ജസ്റ്റിസ് കൃഷ്ണയ്യർ തന്റെ വിധിയുടെ പ്രസക്ത ഭാഗങ്ങൾ വായിച്ചു. ഇത ഭാഗത്തേയും അഭിഭാഷകർ ചേംബറിലേക്ക് മടങ്ങിയപ്പോൾ ശ്രീമതി ഗാന്ധിയുടെ അപ്പീൽ ഹരജിയിലെ എതിർകക്ഷിയും അവർക്ക് എതിരെ ഹൈക്കോടതിയിൽ ഫലപ്രദമായി തിരഞ്ഞെടുപ്പ് ഹരജി സമർപ്പിക്കുകയും ചെയ്തിരുന്ന രാജ്നാരായണന്റെ അനുയായികൾ ഭാരതീയ ലോക്ദൾ നേതാവിന്റെ അനുകൂലമായ മുദ്രാവാക്യങ്ങൾ മുഴക്കി.

അപ്പീൽ സമർപ്പിക്കാം

തന്റെ കല്പനയിൽ ഭേദഗതി വരുത്തേണ്ട സന്ദർഭങ്ങൾ വരികയാണെങ്കിൽ അങ്ങിനെ ചെയ്യുവാൻ അപേക്ഷിച്ചുകൊണ്ട് സുപ്രീംകോടതിയിലെ ഡിവിഷൻ ബഞ്ചിനെ സമീപിക്കാൻ ജസ്റ്റിസ് കൃഷ്ണയ്യർ ശ്രീമതി ഇന്ദിരാഗാന്ധിയ്ക്കു അപ്പീൽ ഹരജിയിലെ എതിർകക്ഷിയായ രാജ് നാരായണനും അനുമതി നൽകിയിട്ടുണ്ട്.

തിങ്കളാഴ്ച കേട്ട വാദങ്ങൾ ശ്രമകരവും പൂർവ്വം പരിശോധിച്ചു ശേഷമാണെങ്കിലും ഏതാണ്ട് തീരുമാനിച്ചിട്ടുണ്ട് താൻ വിധിന്യായം തയ്യാറാക്കിയതന്നെയാണെന്നു ഇങ്ങിനെ അധികാരം നൽകുന്നതെന്നു ജഡ്ജി ചൂണ്ടിക്കാട്ടി.

ഇപ്പോൾ പാർലമെന്റ് സമ്മേളിയ്ക്കുന്നില്ലെന്നതിനാൽ വോട്ടവകാശം വിലക്കിക്കൊണ്ടുള്ള കല്പനയ്ക്ക് തൽക്കാലം പ്രസക്തി ഇല്ലെന്നും എന്നാൽ പുതിയ സംഭവവികാസങ്ങളെ ഉടലെടുക്കുകയും പരിതസ്ഥിതികൾ മാറുകയും വ്യവഹാരമദ്ധ്യേയുള്ള (ഇന്റർ ലോക്യൂട്ടറി) മറ്റ് ഏതു കല്പനകളേപ്പോലെ ഇതും താൽക്കാലികം മാത്രമാണെന്നും വിധിന്യായത്തിൽ ചൂണ്ടിക്കാട്ടി.

അലഹബാദ് ഹൈക്കോടതി വിധിയുടെ ഗുണാഗുണങ്ങളിലേക്ക് താൻ തീരെ കടക്കുന്നില്ലെന്നും അതു നടപ്പാക്കുന്നതു സ്റ്റേ ചെയ്യാനുള്ള ഹരജിയെക്കുറിച്ചു പരിഗണിയ്ക്കുന്നതു രാഷ്ട്രീയവശത്തിലേക്കു കടക്കാതെ നിയമപരമായ കാഴ്ചപ്പാടിലു ഒരു മാത്രമാണെന്നും ജഡ്ജി അറിയിച്ചു.

കീഴ്വഴക്കങ്ങൾ

ഇതിനു മുൻപ്, മുൻ മുഖ്യമന്ത്രി ഡി. പി. മിശ്ര മുൻ കേന്ദ്രമന്ത്രി വെന്നറെ ഡി എന്നിവരുടെ തിരഞ്ഞെടുപ്പുകൾ റദ്ദാക്കിക്കൊണ്ടുള്ള അപ്പീലുകളുടെ കാര്യത്തിൽ സുപ്രീംകോടതി സ്വീകരിച്ച നിലപാടിന്റെ അടിസ്ഥാനത്തിലാണ് ശ്രീമതി ഗാന്ധിയുടെ ഹരജിയിന്മേലും ജസ്റ്റിസ് കൃഷ്ണയ്യർ വിധി പ്രസ്താവിച്ചതു്.

''അമിതി'' ചെയ്തുവെന്നതിനു അംഗീകാരം റദ്ദാക്കപ്പെട്ട ഒരു വ്യക്തിയുടെയും കാര്യത്തിലുള്ള തിരഞ്ഞെടുപ്പു അപ്പീലുകളിൽ കഴിഞ്ഞ ഏതാണ്ട് രണ്ടു ദശകമായി സുപ്രീം കോടതി പരമമായ സ്റ്റേ നൽകിയിട്ടുണ്ടോ എന്നു് സംശയമാണെന്നു് അദ്ദേഹം ചൂണ്ടിക്കാട്ടി.

സുപ്രീം കോടതിയുടെ 'സ്റ്റേ' നിലവിലുള്ളപ്പോൾ അഴിമതി നടത്തി എന്നുള്ള ഹൈക്കോടതിയുടെ നിഗമനവും അയോഗ്യത കല്പിച്ചുകൊണ്ടുള്ള കല്പനയും സ്വയമേവ പ്രസക്തിയില്ലാതായി തീരുമെന്നദ്ദേഹം കൂട്ടിച്ചേർത്തു.

വ്യത്യാസമില്ല

ഒരു മന്ത്രിയുടെ കാര്യത്തിൽ പരമമായ സ്റ്റേയും ഉപാധികളോടുകൂടിയ സ്റ്റേയും തമ്മിൽ വ്യത്യാസമൊന്നുമില്ലെന്നു വിധിന്യായത്തിൽ പറഞ്ഞിട്ടുണ്ട്. ലോകസഭാ ചേരാനുള്ള സമയത്ത് ലോകസഭാംഗമെന്ന നിലയിൽ ശ്രീമതി ഗാന്ധിയുടെ മേൽ തന്റെ കല്പന ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങൾക്ക് (സംഗതി ഗമെന്ന നിലക്ക് നടപടികളിലും വോട്ടിങ്ങിലും പങ്കെടുത്തുകൂടെന്നും മറ്റും) യാതൊരു പ്രസക്തിയുമുണ്ടായിട്ടില്ലെന്നും ജസ്റ്റിസ് കൃഷ്ണയ്യർ ചൂണ്ടിക്കാട്ടി അദ്ദേഹമിങ്ങിനെ തുടരുന്നു;

കേസ്സിലെ കക്ഷികൾ (ശ്രീമതി ഇന്ദിരാഗാന്ധിയും ശ്രീ രാജ്നാരായണനും) തമ്മിലുള്ള തർക്കം ഒരു കക്ഷി പരമമായ സ്റ്റേക്ക് (ഇതു് ഒരു മാന്ത്രിക ഫോർമുല ആണെന്നു കരുതിക്കൊണ്ടെന്നവണ്ണം) വേണ്ടിയും ഉപാധികളോടുകൂടിയ സ്റ്റേകൂടി അനുവദിച്ചുകൊണ്ടുള്ള കല്പനകളുടെ കൂമ്പാരംതന്നെ ഹാജരാക്കിക്കൊണ്ട് ഇക്കാര്യത്തിലും ഇവ മാത്രമെ അനുവദിക്കാൻ പാടുള്ളുവെന്നും (ഇങ്ങിനെ ചെയ്യുന്നതുകൊണ്ട് പ്രയോഗത്തിൽ വലിയ വ്യത്യാസമുണ്ടായുമെന്ന നിലക്ക്) ആവശ്യപ്പെടുന്നുവെന്നതു്—വെറും നിർമ്മിതിയല്ലെന്നേ തോന്നുന്നുവെന്നു് അദ്ദേഹം ചൂണ്ടിക്കാട്ടി.

ശ്രീമതി ഗാന്ധിയുടെ അഭിഭാഷകൻ പൽക്കിവാലി ആവശ്യപ്പെട്ട ''സൗകര്യത്തിന്റെ പരിഗണന'' അർത്ഥമാക്കിയ കാര്യം ഉചിതമായ അഭിപ്രായമല്ലെന്നും പറയാതെ, ഈ ഭാഗത്തെക്കുറിച്ച് ഭാഗികമായോ മുഴുവനായോ പരിഗണിച്ചിട്ടുണ്ടെന്നും താൻ അനുവദിച്ച ഉപാധികളോടുകൂടിയുള്ള സ്റ്റേയിൽ അനുകൂലിക്കുന്നതെന്നും വിധിന്യായത്തിൽ പ്രസ്താവിച്ചു.

പിന്നീട് പ്രധാനമന്ത്രിക്ക് പാർലമെന്റിനോടും രാഷ്ട്രത്തോടുള്ള ഉത്തരവാദിത്വത്തെ കുറിച്ചും ജനാധിപത്യഭരണ ക്രമത്തിൽ പ്രധാനമന്ത്രി സ്ഥാനത്തിനുള്ള മഹത്വത്തേയും കുറിച്ച് വിധിന്യായത്തിൽ വിസ്തരിച്ചു.

അപ്പീൽ കാലത്തു് ഹൈക്കോടതി വിധിക്കെതിരെയുള്ള അപ്പീൽ ഏതാനും മാസങ്ങൾക്കുള്ളിൽ തീരുമാനിക്കപ്പെട്ടേക്കാം. ''സൗകര്യത്തിന്റെ പരിഗണ'' മന്ത്രിസഭയിലെ ഏറ്റവും പ്രധാനപ്പെട്ട വ്യക്തി (പ്രധാനമന്ത്രിയുടെ നേതൃത്വത്തിലുള്ള അതേ സംഘം) തന്നെ തുടരുന്നതിന്നു അനുകൂലമായി തീരും.

സ്ഥാനത്തിന്നു അലട്ടൽ വരരുത്

ഹരജിക്കാരിക്കുണ്ടായേക്കാവുന്ന ഗുരുതരമായ വേദനയുമുകൾ കണക്കിലെടുക്കുമ്പോൾ അപ്പീൽ ഹരജി വിചാരണ കഴിയുന്നതുവരെയുള്ള സമയത്തു അവരുടെ സ്ഥാനത്തിന്നു (പ്രധാനമന്ത്രി പദത്തിന്നു) അലട്ടൽ ഉണ്ടാവാതിരിക്കാൻ ശക്തമായ ന്യായങ്ങളുണ്ടെന്നു ജഡ്ജി പ്രസ്താവിച്ചു.

മന്ത്രിസഭക്ക് ഇല്ലെങ്കിൽ തട്ടാത്തവിധത്തിൽ കീഴ്ക്കോടതി വിധിയും കല്പനയും (തിരഞ്ഞെടുപ്പ് റദ്ദാക്കിയും അയോഗ്യത കല്പിച്ചുംകൊണ്ടുള്ള) നടപ്പിലാക്കുന്നതു നിർത്തിവെക്കണമെന്ന വാദത്തിൽ കഴമ്പുണ്ടാകാമെന്നു വിധിന്യായത്തിൽ പറഞ്ഞിരിക്കുന്നു.

ഇതിനെ ഏതിർത്തുകൊണ്ട് ശ്രീ ശാന്തിഭൂഷൻ (രാജ് നാരായണന്റെ അഭിഭാഷകൻ) ഉന്നയിച്ച ഏതിർപ്പ് പരാമർശിച്ചുകൊണ്ട്, രാഷ്ട്രീയ വീക്ഷണഗതിയിൽ നിന്നു ഒഴിഞ്ഞുനിൽക്കേണ്ടതാണ് ജുഡീഷ്യറി എന്നിക്കണ്ടു ഗാന്ധിയെന്ന ജസ്റ്റിസ് അയ്യർ ചൂണ്ടിക്കാട്ടി. കോടതി നടപടികളും ചട്ടങ്ങളും ഇന്നത്തെ നിലക്ക് തുടരുമ്പോൾ ഇതിനെക്കുറിച്ച് അഭിപ്രായം പറയാൻ താൻ മുതിരുന്നില്ലെന്നദ്ദേഹം കൂട്ടിച്ചേർത്തു.

കോടതി മുൻപാകെയുള്ള അപ്പീൽ ഹരജിക്കാരിയുടെ ലോകസഭാ അംഗത്വത്തെയും ബാധിക്കുന്നതാണെന്നും അവരുടെ പ്രധാനമന്ത്രിപദം കേസ്സിൽ ബന്ധപ്പെട്ട വിഷയമല്ലെന്ന വിധിന്യായം ചൂണ്ടിക്കാട്ടി. അതുകൊണ്ട് സ്റ്റേ കല്പനയിൽ നിർദ്ദേശിക്കുന്ന നിയന്ത്രണങ്ങൾ പ്രധാനമന്ത്രി എന്ന നിലക്ക് സഭയിൽ ഹാജരാകുവാനും ശമ്പളം പറ്റാനുമുള്ള ശ്രീമതി ഗാന്ധിയുടെ അധികാരങ്ങൾക്ക് ബാധകമല്ല.

അപേക്ഷ തള്ളി

''അശുദ്ധമായ കൈകളോടു്'' കൂടിയാണ് ശ്രീമതി ഗാന്ധി കോടതിയെ സമീപിച്ചതെന്നതിനാൽ സ്റ്റേ അപേക്ഷ അനുവദിക്കരുതെന്ന ശ്രീ ശാന്തിഭൂഷന്റെ വാദം ജസ്റ്റിസ് കൃഷ്ണയ്യർ തള്ളി.

തന്റെ വാദത്തിന്നപോൽബലകമായി, ശ്രീമതി ഗാന്ധി ഹൈക്കോടതിയിൽ നിന്നു സ്റ്റേ സമ്പാദിച്ചതു കോൺഗ്രസ് പാർലമെന്ററി പാർട്ടിക്ക് പുതിയ നേതാവിനെ ശ്രീമതി ഗാന്ധിയുടെ സ്ഥാനത്തു തിരഞ്ഞെടുക്കാൻ സമയം വേണമെന്നു വാദിച്ചിട്ടായിരുന്നുവെന്നും എന്നാൽ കോൺഗ്രസ് പാർലമെന്ററി പാർട്ടി യോഗത്തിൽ നേതാവിനെ തിരഞ്ഞെടുക്കുന്നതിനു പകരം ശ്രീമതി ഗാന്ധിയുടെ സ്ഥാനം കൂടുതൽ ഉറപ്പിക്കാനായിരുന്നുവെന്നും ഇടർന്ന രാജ്നാരായണന്റെ അഭിഭാഷകൻ ചൂണ്ടിക്കാട്ടിയിരുന്നു. ശ്രീമതി ഗാന്ധിയുടെ അലഹബാദിലെ അഭിഭാഷകൻ വളരെ തിരക്കിട്ടാണ് സ്റ്റേ ഹരജി തയ്യാറാക്കിയതെന്നും ഹരജിയിൽ പറഞ്ഞിരുന്നതു് ''ഒരു നേതാവു്'' എന്നായിരുന്നുവെന്നും അല്ലാതെ ഒരു ''പുതിയ നേതാവിനെ'' എന്നായിരുന്നില്ലെന്നും ശ്രീ പൽക്കിവാലി ബോധിപ്പിച്ച കാര്യം വിധിന്യായത്തിൽ അനുസ്മരിച്ചു.

ജൂൺ 18-ാംനു ചേർന്ന കോൺഗ്രസ് പാർലമെന്ററി പാർട്ടിയുടെ പ്രത്യേക യോഗം പരാമർശിച്ചുകൊണ്ട് പാർട്ടിയുടെ ഒരു നേതാവ് എന്ന നിലക്ക് പാർട്ടിയെനയിക്കാൻ ശ്രീമതി ഗാന്ധി അധികാരത്തിൽ തുടരണമെന്ന് അവരുടെ പാർട്ടി അംഗങ്ങൾ ഒറ്റക്കെട്ടായി ആവശ്യപ്പെട്ടാൽ ഹരജിക്കാരി കോടതിയെ തെറ്റിദ്ധരിപ്പിച്ചുവെന്നു പറയുകയുണ്ടായി എന്ന് ജസ്റ്റിസ് കൃഷ്ണയ്യർ വിധിച്ചു.

തുടക്കത്തിലെ തോന്നൽ

ഹൈക്കോടതി അനുവദിച്ച പരമമായ സ്റ്റേ തുടരാനായിരുന്നു (ഇതായിരുന്നു ശ്രീമതി ഗാന്ധിയുടെ അപേക്ഷ) തന്റെ ആദ്യത്തെ തോന്നൽ എന്നും എന്നാൽ കൂടുതൽ ചിന്തിച്ചതിന്നു ശേഷം ഇതു് വേണ്ടെന്നു വെച്ചുവെന്നും ജസ്റ്റിസ് കൃഷ്ണയ്യർ പറഞ്ഞു.

അവസാനം എന്തു ദുർബ്ബലമെന്നു കണ്ടാലും റദ്ദാക്കപ്പെടുന്നതുവരെ ഹൈക്കോടതി വിധി എന്തായാലും പ്രാബല്യത്തിലുണ്ടാവും. തിരഞ്ഞെടുപ്പ് റദ്ദാക്കാൻ ഹൈക്കോടതി എത്തിച്ചേർന്ന നിഗമനങ്ങളിൽ ജനപ്രതിനിധ്യനിയമം അനുശാസിയ്ക്കുന്ന ഗുരുതരമായ കുറവുകൾ എന്തെങ്കിലും ശ്രീമതി ഗാന്ധി ചെയ്തതായി കണ്ടില്ലെന്ന വാദത്തോട് അദ്ദേഹം യോജിച്ചു. പക്ഷെ എന്തു കർക്കശമായാലും നിയമം കോടതിയിൽ നിയമംതന്നെയാവും. ജാഗരൂകരായ നിയമനിർമ്മാണസഭയാണ് ഇവ കണക്കിലെടുക്കേണ്ടതു്.

ഹൈക്കോടതിയുടെ വിധി പ്രാഥമിക ഘട്ടത്തിൽ, നിസ്സാരമാണെന്നു താൻ തള്ളിക്കളയുന്നില്ലെന്നു അദ്ദേഹം കൂട്ടിച്ചേർത്തു.

കൽപ്പനകൾ

താഴെ പറയുന്ന കല്പനകളാണ് വിധിന്യായം സംഗ്രഹിച്ചുകൊണ്ട് കോടതി പുറപ്പെടുവിച്ചതു്.

അപ്പീലിന്നു വിധേയമായ ഹൈക്കോടതി വിധിയിന്മേൽ തീർപ്പുണ്ടാവുന്നതുവരെ, ആ വിധി നടപ്പാക്കുന്നതിൽ താഴെ പറയുന്ന സ്റ്റേ അനുവദിയ്ക്കുന്നു.

അപ്പീൽ ഹരജിക്കാരിക്ക് (ശ്രീമതി ഗാന്ധിക്ക്) ലോകസഭയിൽ വെച്ച് രജിസ്റ്റർ ഒപ്പുവെക്കാനും ലോകസഭാ നടപടികളിൽ ഹാജരാവാനും അധികാരമുണ്ടാവും. എന്നാൽ ലോകസഭാ അംഗമെന്ന നിലക്ക് അവർക്ക് വോട്ട് ചെയ്യാനൊ, പ്രതിഫലം പറ്റാനോ, നടപടികളിൽ പങ്കെടുക്കാനോ അധികാരമുണ്ടാവില്ല.

ഇതിന്റെ ഫലമായി, കീഴ്ക്കോടതി ശ്രീമതി ഗാന്ധിക്ക് കല്പിച്ച അയോഗ്യത സസ്പെണ്ട് ചെയ്യപ്പെട്ടു. മേൽക്കാണിച്ച നിയന്ത്രണങ്ങൾക്ക് വിധേയമായി എല്ലാ കാര്യങ്ങളിലും ശ്രീമതി ഗാന്ധി ലോകസഭാ അംഗമായി തുടരും.

ഇതേ അവസരത്തിൽതന്നെ, പ്രധാനമന്ത്രി സ്ഥാനത്തോ മന്ത്രിസ്ഥാനത്തോ തുടരുന്ന കാലത്തോളം, പ്രധാനമന്ത്രിയോ മന്ത്രിയോ എന്ന നിലക്ക് പാർലമെന്റിന്റെ ഇരുസഭകളിലും സംയുക്തയോഗങ്ങളിലും പ്രസംഗിയ്ക്കുവാനും നടപടികളിൽ പങ്കെടുക്കുവാനും വോട്ടധികാരമില്ലാതെ തണ്ണീരുടനായി ജില്ലാ പഞ്ചായത്താഫീസർ എം. വേലായുധന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം അവിശ്വാസ പ്രമേയം ചർച്ചക്കെടുത്തില്ല.

പ്രസിഡണ്ടിന്റെ രാജിയെ തുടർന്നു വൈസ് പ്രസിഡണ്ട് ഇല്ലാത്തതുകാരണം ഏതെങ്കിലും ഒരംഗത്തിനെ വേണം ഭരണചുമതല ഏല്പിക്കാൻ. ഗവർമ്മേണ്ട് കൊടിയത്തൂർ പഞ്ചായത്തിനെ രണ്ടായി വിഭജിച്ച് കാരശ്ശേരി പഞ്ചായത്തെന്നും, കൊടിയത്തൂർ പഞ്ചായത്തെന്നും രണ്ടാക്കിയിട്ടുണ്ട്. ഇതിനെതിരെ പഞ്ചായത്തു മെമ്പർ കെ.എം. മുഹമ്മദ്ഹാജി സമർപ്പിച്ച റിട്ട് ഹരജിയെ തുടർന്നു വിജേന നടപടി സ്റ്റേ ചെയ്തിട്ടുണ്ട്. ഭീജിക്കപ്പെട്ട കൊടിയത്തൂരിൽ 6 അംഗങ്ങളും, കാരശ്ശേരിയിൽ 7 അംഗങ്ങളുമാണ് ഉള്ളത്. ഗവർമ്മേണ്ട് ടി.ടി. അഹമ്മദിനെ കൊടിയത്തൂർ പഞ്ചായത്ത് പ്രസിഡണ്ടായി നോമിനേറ്റ് ചെയ്തിട്ടുണ്ട്. വിജ്ഞാപനത്തിനെതിരെ വിധിയുണ്ടായില്ലെങ്കിൽ ഉണ്ണിമോയി കാരശ്ശേരി പഞ്ചായത്ത് പ്രസിഡണ്ടായി തുടരും. സ്വ. ലേ.

കുടുതൽ സ്ഥലത്ത് നെല്ലുണ്ടാക്കുന്നു

ന്യൂഡൽഹി, ജൂൺ 24—പഞ്ചാബിൽ ഖാരിഫ് വിള എടുക്കുന്ന സ്ഥലങ്ങളിൽ കൂടുതൽ നെല്ലുണ്ടാക്കി തുടങ്ങിയതായി കാർഷിക സർവ്വകലാശാല അറിയിച്ചു.

ഇക്കൊല്ലം ഖാരിഫ് വിളകാലത്തു നെൽ കൃഷി ഇനിയും വ്യാപിക്കുമെന്നും കണക്കാക്കിയിട്ടുണ്ട്. കൂടുതൽ വിളയുണ്ടാവുന്ന നെൽകൃഷി മറ്റു കൃഷികളെ അപേക്ഷിച്ച് ലാഭകരമായതാണത്രേ ഇതിന്നു കാരണം. സ്റ്റേറ്റിൽ കാലാവസ്ഥയിൽ വന്ന മാറ്റവും ഇതിന്നു സഹായിച്ചിട്ടുണ്ട്.

1950-ൽ പഞ്ചാബിൽ 1,20,000 ഹെക്ടർ നെൽകൃഷി ചെയ്തിരുന്നേടത്തു ഇപ്പോൾ 5,35,000 ഹെക്ടറിൽ ഇതുവ്യാപിച്ചതായി കണക്കാക്കിയിരിക്കുന്നു.

പഞ്ചാബിൽ ഹെക്ടറിൽനിന്നു 2200 കിലോഗ്രാം അരി കിട്ടുന്നുണ്ട്. മറേറതു സ്റ്റേറ്റിലുള്ളതിലുംകൂടുതലാണിത്. (ഇന്ത്യ ഒട്ടാകെ എടുത്താൽ ശരാശരി 1145 കിലോഗ്രാമാണ്.)

കൽക്കത്താലീഗ്: മൊഹമ്മദൻസിന്ന് അഞ്ചാമത്തെ വിജയം

കൽക്കത്ത, ജൂൺ 24—കൽക്കത്ത സീനിയർ ഫുട്ബാൾ ലീഗ് ചാംപ്യൻഷിപ്പിൽ മൊഹമ്മദൻസ് സ്പോർട്ടിങ്ങ് ക്ലബ്ബ് ചൊവ്വാഴ്ച തുടർച്ചയായി അഞ്ചാമത്തെ വിജയം നേടി.

സ്ട്രൈക്കർ അക്ബറും റൈറ്റ് ഹാഫ് നടരാജും നേടിയ രണ്ട് ഗോളിന്നു മൊഹമ്മദൻസ് കാളിഘട്ടിനെയാണ് തോല്പിച്ചത്.

കിദർപൂർ മറുപടിയില്ലാത്ത മൂന്നു ഗോളിന്നു ബലിപ്രതിഭയെ തോല്പിച്ചു. ഭാത്രിസംഘവും വാരി അത്ലറ്റിക് ക്ലബ്ബും തമ്മിലുള്ള മത്സരം ഓരോ ഗോളടിച്ച് സമനിലയിൽ പിരിഞ്ഞു.

ഇടുക്കിയിൽ പണിമുടക്ക്

കോട്ടയം, ജൂൺ 24—എച്ച്.സി.സി.യുടെ കീഴിലുള്ള അറുനൂറോളം തൊഴിലാളികളെ പിരിച്ചുവിടാനുള്ള തീരുമാനത്തിൽ പ്രതിഷേധിച്ചു ഇടുക്കി മേഖലയിൽ തിങ്കളാഴ്ച തൊഴിലാളികൾ പണിമുടക്കിയതിനെ തുടർന്നു പ്രോജക്ടിനെ പ്രവർത്തനം സ്തംഭിച്ചു.

ഇടുക്കിയിൽ 2546 പേരിൽ 140 പേരും കളമാവിൽ 95 പേരിൽ32 പേരും ഒഴികെ ഉള്ളവർ പണിമുടക്കിയതായിട്ടാണ് റിപ്പോർട്ട്.

ചൊവ്വാഴ്ച തൊഴിലാളികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ അനുരഞ്ജനസംഭാഷണം നടക്കാനിരിക്കേ പണിമുടക്കിയത് അനുചിതമായിപ്പോയെന്നു ഇടുക്കി പ്രോജക്ട് കോ-ഓർഡിനേഷൻ കമ്മിററി ചേർമാൻകൂടിയായ കലക്ടർ ബാബു പോൾ പറഞ്ഞു.

സ്വ. ലേ.

''ചമ്പക്കുളം'' ചുണ്ടന്നു കിരീടം

ചമ്പക്കുളം, ജൂൺ 24—മൂലം വള്ളംകളി മത്സരത്തിൽ 'ചമ്പക്കുളം' ചുണ്ടൻ ഒന്നാം സ്ഥാനത്തെത്തി വിജയ കിരീടം ചൂടി. ഇന്ന് വൈകുന്നേരം പെരുമഴയത്ത് ആയിരക്കണക്കിന്ന് ആളുകൾ നിർന്നിമേഷരായി നോക്കിനിൽക്കേ ഒററ തുഴപ്പാടിന്നു മുന്നേറിക്കൊണ്ടാണ് 'നടുഭാഗം' ചുണ്ടനെ രണ്ടാം സ്ഥാനത്തേക്ക് 'ചമ്പക്കുളം' തള്ളിവിട്ടതു.

ജേതാവായ 'ജലരാജാവി'ന്റെ ക്യാപ്ററൻ മത്തായി കുഞ്ചേറിയപൊന്നുമരാമത്തു മന്ത്രി ടി. കെ. ദിവാകരനിൽനിന്ന് ഹർഷാരവങ്ങൾക്കിടയിൽ കൈനിറയെ ട്രോഫികൾ ഏററുവാങ്ങി —സ്വ. ലേ.

പ്രതിഷേധയോഗത്തിൽ കോൺഗ്രസ്സില്ല

കോഴിക്കോട്—പോലീസ് മർദ്ദനത്തിലും മററും പ്രതിഷേധിക്കാൻ തിങ്കളാഴ്ച കന്നുത്തുപാലത്തിന്നു സമീപം ചേർന്ന പൊതുയോഗം പിന്നീടു പിരിച്ചുവിട്ടതിൽ ചില കോൺഗ്രസുകാർ പങ്കെടുത്തതു് സംഘടനയുടെ അറിവോ സമ്മതമോ കൂടാതെയാണെന്നും പ്രതിപക്ഷങ്ങളുടെ കുപ്രചാരണത്തിന്റെ തന്ത്രത്തിൽ അവർ കുടുങ്ങിയതാണെന്നും ഒളവണ്ണ മണ്ഡലം കോൺഗ്രസ്സ് പ്രസിഡണ്ട് എം. ടി. കുഞ്ഞാലി അറിയിക്കുന്നു. —സ്വാ. റി.

ആനന്ദ മാർഗ്ഗക്കേസ് വിചാരണ

കുരിരുട്ട് നിറഞ്ഞ രാത്രിയിൽ മൂന്നു കൊലപാതകങ്ങൾ

പാററ്ന, ജൂൺ 24 ആനന്ദമാർഗികളിൽ നിന്നും തെററിപ്പിരിഞ്ഞ മൂന്നു പേരുള്ളതി തന്റെ സാന്നിദ്ധ്യത്തിൽ കൊലപ്പെടുത്തുകയുണ്ടായി എന്ന് ആനന്ദമാർഗവധക്കേസിലെ മാപ്പു സാക്ഷി മാധവാനന്ദ അവധൂത് സ്പെഷ്യൽ ജഡ്ജിയായ മജിസ്ട്രേട്ട് എസ്.എൻ. ഗുപ്ത മുമ്പാകെ ബോധിപ്പിച്ചു.

1970 ആഗസ്റ്റിൽ ജംഷഡ്പൂരിലെ ചാന്ദിൽക്കോട്ടകളിൽ വെച്ചായിരുന്നത്രെ ഈ കൊലപാതകങ്ങൾ.

സംഘടനക്കെതിരെ പ്രവർത്തിച്ചു എന്ന കുററമാരോപിക്കപ്പെട്ട ഏഴു പേരിൽപ്പെട്ട ഈ മൂന്നു പേരേയും ഒരു പൂജ നടത്താനാണെന്ന വ്യാജേനയാണത്രേ കൽക്കത്തയിൽ നിന്നും കൂട്ടിക്കൊണ്ടു വന്നത്.

കൈകാലുകളും കയ്യും മരത്തോടു ബന്ധിച്ച് നിശ്ചലരായി കിടക്കുമ്പോൾ കത്തിക്കൊണ്ടുപ്പെടുത്തുകയാണ് ചെയ്തതെന്ന് മാധവാനന്ദ കോടതിയോടു പറഞ്ഞു.

ഒന്നിന്നു പുറകെ മറെറാരാൾ എന്ന നിലയിൽവധിക്കപ്പെട്ടത് സുധാനന്ദ, പുഷ്പിതാനന്ദ, മൃത്യുഞ്ജയാനന്ദ, എന്ന് അവധൂതരും, കൊലപാതകം നിർവ്വഹിച്ചവർ പ്രബിത്രാ കുമാർ, ബറുണ കുമാർ, സത്യൻ സർക്കാർ എന്നീ അവധൂതരുമാണത്രേ.

കാട്ടിലേക്ക് കൊണ്ടു പോവുമ്പോൾ വധിക്കപ്പെട്ടവർ പ്രതിഷേധമൊന്നും കാണിച്ചിട്ടുണ്ടായിരുന്നില്ലെന്നും, നിലാവില്ലത്ത കൂരിരുട്ടു നിറഞ്ഞ രാത്രിയിലാണു കൃത്യം നടത്തിയത് എന്നും കോടതിയുടെ ചോദ്യങ്ങൾക്കുത്തരമായി മാധവാനന്ദ് വെളിപ്പെടുത്തി.

അരുൺ കുമാർ സുധാനന്ദിനെ കഠാരി കൊണ്ടു കുത്തുന്നതിന്നിടയിൽതന്റെ ഇടതു കൈയിലെ മൂന്നു വിരലുകൾക്ക് മുറിവു പററുകയുണ്ടായി എന്നു മുറിവടയാളം കോടതിക്കു കാണിച്ചു കൊടുത്തുകൊണ്ടു മാധവാനന്ദ് അറിയിച്ചു. കഠാരിക്കത്ത് ഏൽക്കാതിരിക്കുന്നതിന്നു വേണ്ടി സുധാനന്ദ് കഴുത്ത് തിരിച്ചു കൊണ്ടിരുന്നു എന്നും, അതൊഴിവാക്കാനു താൻ കഴുത്തിന്റെ പിറകിലു പിടിച്ചപ്പോഴാണ് അബദ്ധം പററിയതെന്നും അയാൾ തുടർന്നറിയിച്ചു.

കൊടിയത്തൂർ പഞ്ചായത്ത് പ്രസിഡണ്ട് രാജിവെച്ചു

കൊടിയത്തൂർ—കഴിഞ്ഞ 20 വർഷങ്ങളായി പഞ്ചായത്തു പ്രസിഡണ്ടായിരുന്ന വി. എം. ഉണ്ണിമോയി ഇക്കഴിഞ്ഞ ശനിയാഴ്ച കൊടിയത്തൂർ പഞ്ചായത്തു പ്രസിഡണ്ട്സ്ഥാനം രാജിവെച്ചു. അദ്ദേഹത്തിന്റെ പേരിൽ അവിശ്വാസം രേഖപ്പെടുത്തുവാനായി തിങ്കളാഴ്ച ജില്ലാ പഞ്ചായത്താഫീസർ എം. വേലായുധന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം അവിശ്വാസ പ്രമേയം ചർച്ചക്കെടുത്തില്ല.

പ്രസിഡണ്ടിന്റെ രാജിയെ തുടർന്നു വൈസ് പ്രസിഡണ്ട് ഇല്ലാത്തതുകാരണം ഏതെങ്കിലും ഒരംഗത്തിനെ വേണം ഭരണചുമതല ഏല്പിക്കാൻ. ഗവർമ്മേണ്ട് കൊടിയത്തൂർ പഞ്ചായത്തിനെ രണ്ടായി വിഭജിച്ച് കാരശ്ശേരി പഞ്ചായത്തെന്നും, കൊടിയത്തൂർ പഞ്ചായത്തെന്നും രണ്ടാക്കിയിട്ടുണ്ട്. ഇതിനെതിരെ പഞ്ചായത്തു മെമ്പർ കെ.എം. മുഹമ്മദ്ഹാജി സമർപ്പിച്ച റിട്ട് ഹരജിയെ തുടർന്നു വിജേന നടപടി സ്റ്റേ ചെയ്തിട്ടുണ്ട്. ഭീജിക്കപ്പെട്ട കൊടിയത്തൂരിൽ 6 അംഗങ്ങളും, കാരശ്ശേരിയിൽ 7 അംഗങ്ങളുമാണ് ഉള്ളത്. ഗവർമ്മേണ്ട് ടി.ടി. അഹമ്മദിനെ കൊടിയത്തൂർ പഞ്ചായത്ത് പ്രസിഡണ്ടായി നോമിനേറ്റ് ചെയ്തിട്ടുണ്ട്. വിജ്ഞാപനത്തിനെതിരെ വിധിയുണ്ടായില്ലെങ്കിൽ ഉണ്ണിമോയി കാരശ്ശേരി